ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.03.2025**

## പ്രധാനവാർത്തകൾ

1). **വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ ഭരണ- പ്രതിപക്ഷ ബഹളം; രാജ്യസഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെച്ചു.**

2). **സംസ്ഥാനത്തെ ആരോഗ്യമേഖലയുമായി ബന്ധപെട്ട പ്രശ്നങ്ങളിൽ നിയമസഭയിൽ പ്രതിഷേധം; ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് പ്രതിപക്ഷ വാക്ക് ഔട്ട്.**

3). **പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4). **മുൻ കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ ബിജെപി സംസ്ഥാന അധ്യക്ഷൻ. പ്രഖ്യാപനം നടത്തിയത് കേന്ദ്ര മന്ത്രിയും കേന്ദ്ര നിരീക്ഷകനുമായ പ്രൾഹാദ് ജോഷി.**

5). **ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് - ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും.**

==========================================

RNU TVPM

**രാഷ്ട്രപതി സന്ദർശനം**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഛത്തീസ്ഗഡ് ഒഡീഷ സന്ദർശനത്തിന് തുടക്കമായി. റായ്പൂരിൽ ഛത്തീസ്ഗഡ് നിയമസഭയുടെ രജത ജൂബിലി ആഘോഷത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യ്തു. ഒഡീഷയിലെ നയാഗഡിൽ നടക്കുന്ന ഭാരതീയ ബിശ്വബസു ഷബർ സമാജിൻറെ സ്ഥാപക ദിന ചടങ്ങിലും ശ്രീമതി മുർമു പങ്കെടുക്കും.

==============================================

**പാർലമെൻറ്**

പാർലമെന്റിൽ ഭരണ- പ്രതിപക്ഷ ബഹളം. ഉത്തർപ്രദേശിലെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ ലോക്സഭയിൽ സമാജ് വാദി പാർട്ടി എം പിമാർ പ്രതിഷേധിച്ചു. കർണാടകയിലെ സംവരണ വിഷയത്തിൽ ബി ജെ പി എംപിമാർ രാജ്യസഭയിൽ പ്രതിഷേധിച്ചു. പ്രതിഷേധത്തെ തുടർന്ന് ഇരുസഭകളും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെച്ചു.

RNU TVPM

==============================================

**കേരള നിയമസഭ**

സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ പിഴവ് മൂലം രോഗി മരിച്ചതായി പരാതി, സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം എന്നീ വിഷയങ്ങളിൽ പ്രതിപക്ഷത്ത് നിന്ന് പി സി വിഷ്ണുനാഥ് ആണ് നോട്ടീസ് നൽകിയത്. രാജ്യത്ത് ഏറ്റവും കൂടുതൽ പകർച്ചവ്യാധിയുള്ള സംസ്ഥാനമായി കേരളം മാറിയെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എലിപ്പനി അടക്കമുള്ള പകർച്ചവ്യാധികൾ

തടയുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. ഒറ്റപ്പെട്ട ചില സംഭവങ്ങളെ മുൻ നിർത്തി ആരോഗ്യ മേഖലയെ ഇകഴ്ത്താൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണെന്ന് മന്ത്രി എം ബി രാജേഷ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

==========================================

## നിയമസഭ മുഖ്യമന്ത്രി-പ്രവാസി - (ഇൻട്രോ)

പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഏജന്റുമാർ മുഖേന വിദേശ റിക്രൂട്ടിംഗ് നടക്കുമ്പോൾ ഉദ്യോഗാർഥികളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്ന് അദ്ദേഹം നിയമസഭയിൽ പറഞ്ഞു. വിദേശ രാജ്യത്ത് ജോലിക്ക് പോകുന്നവർക്ക് എംബസ്സി മുഖേന സൗകര്യങ്ങളൊരുക്കിയാൽ തൊഴിൽ തട്ടിപ്പുകൾ തടയാനാകുമെന്നും ഈ ആവശ്യം കേന്ദ്രത്തോട് ഉന്നയിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് ഫോർ വോയിസ് ..............................)

==========================================

## നിയമസഭ മുഖ്യമന്ത്രി -തൃശൂർപൂരം

തൃശൂർ പൂരം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ മാസം ഒന്നാം തിയതി ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര വിജ്ഞാപനത്തിലെ നിബന്ധനകൾ നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചർച്ചയായിരുന്നു. യാതൊരു അനിശ്ചിതത്വവുമില്ലാതെ പൂരം നടത്താനുള്ള നടപടികൾ ചർച്ച

RNI TVPM

ചെയ്തെന്നും സാധ്യമായ നടപടികൾ സൂചിപ്പിച്ച് കേന്ദ്രമന്ത്രി പീയൂഷ് ഗോയലിന് കത്ത് നൽകിയതായും മുഖ്യമന്ത്രി വ്യക്തമാക്കി.

========================================

**<u>നിയമസഭ - എം.ബി രാജേഷ്</u>**

രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി എം.ബി രാജേഷ്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 8.57 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതായി മന്ത്രി നിയമസഭയിൽ അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള വിഹിതം ഓരോ ബജറ്റിലും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയാണെന്നും പദ്ധതിയിൽ കേരളത്തിന് 811.977 കോടി രൂപ ലഭിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു.

RNUTVPM

========================================

**<u>മുഖ്യമന്ത്രി - ലഹരി വിരുദ്ധ യോഗം</u>**

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഉന്നതതല യോഗം പുരോഗമിക്കുന്നു. നിയമസഭാ ചേമ്പറിലാണ് യോഗം. മന്ത്രിമാരും പൊലീസ് - എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. അന്വേഷണ സംഘങ്ങളെയും വകുപ്പുകളെയും സംയോജിപ്പിച്ച് ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ യോഗത്തിൽ തീരുമാനിക്കും.

========================================

**<u>മുഖ്യമന്ത്രി - ഹരിതകേരളം മിഷൻ</u>**

ഹരിതകേരളം മിഷൻ പരിസ്ഥിതിസംഗമത്തിന് തിരുവനന്തപുരത്ത് തുടക്കമായി. രണ്ട് ദിവസത്തെ പരിപാടി ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ചടങ്ങിൽ ജലസുരക്ഷ സമീപനരേഖയുടെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രിമാരായ എം.ബി.രാജേഷ്, കെ.എൻ.ബാലഗോപാൽ, റോഷി അഗസ്റ്റിൻ, വി.ശിവൻകുട്ടി എന്നിവർ പങ്കെടുക്കും.

==========================================

**രാജീവ് ചന്ദ്രശേഖർ**

മുൻ കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖറെ ബിജെപി സംസ്ഥാന അധ്യക്ഷനായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇന്ന് തിരുവനന്തപുരത്ത് നടന്ന ബി ജെ പി സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ കേന്ദ്ര മന്ത്രിയും കേന്ദ്ര നിരീക്ഷകൻ പ്രൾഹാദ് ജോഷിയാണ് പ്രഖ്യാപനം നടത്തിയത്. ചടങ്ങിൽ പാർട്ടി പതാക മുൻ അധ്യക്ഷൻ കെ സുരേന്ദ്രൻ രാജീവ് ചന്ദ്രശേഖറിന് കൈമാറി. ദേശീയ നേതൃത്വത്തിന്റെ തീരുമാനത്തെ തുടർന്ന് ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗം ശ്രീ രാജീവ് ചന്ദ്രശേഖറെ ബിജെപി സംസ്ഥാന അദ്ധ്യക്ഷ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയായിരുന്നു.

RNU TVPM

==========================================

**വയനാട് സമ്മതപത്രം**

വയനാട് പുനരധിവാസ ടൗൺഷിപ്പിനുള്ള ഒന്നാംഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് സമ്മതപത്രം നൽകാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

ടൗൺഷിപ്പിൽ വീട് വേണോ, സാമ്പത്തിക സഹായം വേണോ എന്നത് പരിശോധിച്ച ശേഷം ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20 ന് പ്രസിദ്ധീകരിക്കും.

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

=======================================

**കോട്ടയം കറസ്പോണ്ടൻറ്**

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക.

=======================================

**ആശ വർക്കേഴ്സ് സമരം**

സംസ്ഥാനത്ത് ആശാ വർക്കർമാർ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം അഞ്ചാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി ആശമാർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസം ആരംഭിച്ചു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കഴിഞ്ഞ 43 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

=======================================

**ക്ഷയരോഗദിനം**

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗത്തിൻറെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും രോഗവ്യാപനം തടയുന്നതിനുമായി എല്ലാ വർഷവും മാർച്ച് 24-ന് ദിനാചരണം സംഘടിപ്പിക്കുന്നു. " അതെ, ക്ഷയരോഗം തുടച്ചു നീക്കാം :

RNU TVPM

പ്രതിജ്ഞാബദ്ധരാകുക, പ്രയത്നിക്കുക, നടപ്പാക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇന്ത്യയെ ക്ഷയരോഗ വിമുക്തമാക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ദിനാചരണ സന്ദേശത്തിൽ പറഞ്ഞു.

==========================================

**ക്ഷയരോഗം സംസ്ഥാനം - (ഇൻട്രോ)**

ക്ഷയരോഗ ദിനാചരണത്തോട് അനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനവും 100 ദിന കർമ്മ പരിപാടിയുടെ സമാപനവും തിരുവനന്തപുരത്ത് നടന്നു. ക്ഷയരോഗം തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് ഇന്നലെ ദിനാചരണ സന്ദേശത്തിൽ പറഞ്ഞു. ക്ഷയരോഗത്തിനെതിരെയുള്ള അവബോധമാണ് മികച്ച പ്രതിരോധ മാർഗമെന്നും ലക്ഷണങ്ങൾ കണ്ടാലുടൻ ചികിത്സ തേടണമെന്നും കൊല്ലം ജില്ലാ ആശുപത്രിയിലെ ശ്വാസകോശ രോഗവിദഗ്ധ ഡോ. വിനീതാ നായർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

RNU TVPM

**(ഹോൾഡ് ഫോർ വോയിസ് ...........................)**

==========================================

**ക്ഷയരോഗ മുക്ത അവാർഡ്-കാസർകോട്**

കാസർഗോഡ് ജില്ലയിലെ 10 പഞ്ചായത്തുകൾക്ക് ക്ഷയരോഗ മുക്ത അംഗീകാരം നൽകാനുള്ള ശുപാർശ ജില്ലാ ക്ഷയരോഗനിവാരണ ബോർഡ് യോഗം അംഗീകരിച്ചു. ജില്ലയിലെ ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളും യോഗം അവലോകനം ചെയ്തു.

==========================================

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് ലക്നൗ സൂപ്പർ ജയൻറ്സിനെ നേരിടും. വിശാഖപട്ടണത്ത് രാത്രി 7.30 നാണ് മത്സരം.

==========================================

## ഓഹരി+ സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 789 പോയിൻറ് ഉയർന്ന് 77,897 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 288 പോയിൻറ് നേട്ടത്തിൽ 23,641-ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 15 രൂപ കുറഞ്ഞ് 8,215 രൂപയും പവന് 65,720 രൂപയുമാണ് ഇന്നത്തെ വില.

==========================================

## ഇടുക്കി അണക്കെട്ട് -(ഇൻട്രോ)

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 50 ശതമാനത്തിലേക്ക് താഴ്ന്നു. ചൂട് കനക്കുകയും വൈദ്യുത ഉൽപാദനം വർധിപ്പിക്കുകയും ചെയ്യുതോടെയാണ് അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന് തുടങ്ങിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്.....................)**

==========================================

RNU TVPM

## മഹാമണ്ഡലേശ്വർ

കുംഭമേളയിൽ മഹാമണ്ഡലേശ്വർ പദവിയിലെത്തിയ സ്വാമി ആനന്ദവനം ഭാരതി കൊല്ലത്ത് അമൃതാനന്ദമയി മഠം സന്ദർശിച്ചു. ആശ്രമത്തിലെ മുതിർന്ന സന്ന്യാസിമാരും അന്തേവാസികളും ചേർന്ന് അദ്ദേഹത്തിന് സ്വീകരണം നൽകി.

=================================================

## ലഹരി ബോധവൽക്കരണം-തൃശൂർ

ലഹരി വ്യാപനത്തിനെതിരെ തൃശൂർ പുതുക്കാട് ജനസഭ സംഘടിപ്പിച്ചു. കെ കെ രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ ജാഗ്രതാ സമിതികൾ രൂപീകരിക്കാനും ജനകീയ പങ്കാളിത്തത്തോടെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും യോഗത്തിൽ തീരുമാനമായി.

======================

================================

=================================================

RNU TVPM